**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 48** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിന് നടപടികൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീമതി ഉമ തോമസ് | ശ്രീ. രമേശ് ചെന്നിത്തല |
| ശ്രീ. സേനാപതി വേണു | (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി) |
| ശ്രീ. വി. ടി. സൂരജ് | |
| ശ്രീ. എം. എം. നസീർ | |

**(എ)** സംസ്ഥാനത്ത് ഓൺലൈൻ തട്ടിപ്പുകൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

**<u>മറുപടി:</u>** ഉണ്ട്. ഓൺലൈൻ ലോൺ ആപ്പ് തട്ടിപ്പുകൾ, ഓൺലൈൻ നിക്ഷേപ തട്ടിപ്പുകൾ, ഓൺലൈൻ തൊഴിൽ തട്ടിപ്പുകൾ, വിവിധ തരത്തിലുള്ള സമ്മാനത്തട്ടിപ്പുകൾ, വ്യാജ വാഹന പിഴയുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ, OTP തട്ടിപ്പുകൾ, വ്യാജ കൊറിയർ തട്ടിപ്പുകൾ, സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന വ്യാജ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിലൂടെയുള്ള തട്ടിപ്പുകൾ തുടങ്ങിയവയിലൂടെയാണ് പ്രധാനമായും പൊതുജനങ്ങൾക്ക് പണം നഷ്ടമാകുന്നത്.

ഓൺലൈൻ തട്ടിപ്പ് സംബന്ധിച്ച് - National Cyber Crime Reporting Portal (NCRP) വഴി 2026 – ൽ (07.10.2026 വരെ) 36192 പരാതികൾ ലഭിച്ചിട്ടുണ്ട്. ടി കാലയളവിൽ 419.02 കോടി രൂപ നഷ്ടപ്പെട്ടിട്ടുള്ളതും 109.37 കോടി രൂപ സേവ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളതുമാണ്. 2025-ൽ വിവിധ തരത്തിലുള്ള ഓൺലൈൻ തട്ടിപ്പുകളിലൂടെ 664.035 കോടി രൂപ നഷ്ടപ്പെട്ടിട്ടുള്ളതും 160.2 കോടി രൂപ സേവ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളതുമാണ്.

**(ബി)** മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നുമുള്ള തട്ടിപ്പ് സംഘങ്ങളിൽ നിന്നും സ്ത്രീകളെയും പ്രായമായവരെയും രക്ഷിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഓൺലൈൻ തട്ടിപ്പുകളിൽ നിന്നും പൊതുജനങ്ങളെ രക്ഷിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന I4C (Indian Cyber Crime Coordination Centre) സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി I4C യുടെ കീഴിൽ Online Crimes Against Women and Children (OCWC) എന്നൊരു വിഭാഗം പ്രവർത്തിക്കുന്നു.

സൈബർ സുരക്ഷ, ബോധവൽക്കരണം, സംശയാസ്പദമായ വിവരങ്ങളുടെ പരിശോധന എന്നിവ ലക്ഷ്യമിട്ട് കേരള പോലീസ് സൈബർ ഡിവിഷൻ ആരംഭിച്ച **'സൈബർവാൾ' (Cyberwall)** ഡിജിറ്റൽ സുരക്ഷാ പദ്ധതി 2026 ഓഗസ്റ്റ് 18-ന് ഉദ്ഘാടനം ചെയ്തു. എ.ഐ. സാങ്കേതികവിദ്യയുടെ

സഹായത്തോടെ പ്രവർത്തിക്കുന്ന ഈ പ്ലാറ്റ്ഫോമിലൂടെ സംശയാസ്പദമായ വെബ്സൈറ്റുകൾ, URL-കൾ, ഇ-മെയിലുകൾ, SMS, SMS ഹെഡറുകൾ, ഫോൺ നമ്പറുകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, IP വിലാസങ്ങൾ എന്നിവ പരിശോധിച്ച് അപകട സാധ്യതകൾ തിരിച്ചറിയാനും ആവശ്യമായ മുൻകരുതലുകൾ മനസ്സിലാക്കാനും പൊതുജനങ്ങൾക്ക് സാധിക്കും. ഡിജിറ്റൽ അറസ്റ്റ്, വ്യാജ ലോൺ ആപ്പുകൾ, നിക്ഷേപ തട്ടിപ്പുകൾ, ഫിഷിംഗ്, സ്മിഷിംഗ്, വ്യാജ കസ്റ്റമർ കെയർ നമ്പറുകൾ, ആൾമാറാട്ടം, ഓൺലൈൻ പേയ്മെന്റ്, തൊഴിൽ, ലോട്ടറി, പ്രണയത്തട്ടിപ്പുകൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണവും സുരക്ഷാ നിർദേശങ്ങളും സൈബർ വാൾ നൽകുന്നു. **POL-App, WhatsApp Chatbot, Telegram Chatbot, Web Portal** എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ഈ സേവനങ്ങൾ പ്രയോജനപ്പെടുത്താം.

സാധാരണക്കാർക്ക് പണം നഷ്ടമാവാൻ സാധ്യതയുള്ള വ്യാജ ലോൺ വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും കണ്ടെത്തി ബ്ലോക്ക് ചെയ്യുക, സൈബർ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുന്ന വ്യാജ വെബ്സൈറ്റുകളും സാമൂഹ്യ മാധ്യമങ്ങളിലെ തട്ടിപ്പ് പരസ്യങ്ങളും പ്രൊഫൈലുകളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ദൃശ്യ-ശ്രാവ്യ മാധ്യമ ങ്ങളിലൂടെയും നവമാധ്യമങ്ങളിലൂ ടെയും ബോധവൽക്കരണം നടത്തുക എന്നിവയും സൈബർ തട്ടിപ്പുകൾ തടയുന്നതിനായി നടപ്പാക്കി വരുന്നു. കൂടാതെ, സ്കൂളുകൾ, കോളേജുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസുകളും സംഘടി പ്പിക്കുന്നു.

കേരള പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന National Cybercrime Reporting Portal ന്റെ Toll free number "1930" കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങളെ കുറിച്ചുള്ള പരാതികൾ പൊതുജനങ്ങൾക്ക് ഈ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ "www.cybercrime.gov.in എന്ന വെബ് പോർട്ടലിലും പൊതു ജനങ്ങൾക്ക് നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും, പ്രായമായവർക്കും എതിരെ നടക്കുന്ന വിവിധ തരം ഓൺലൈൻ threatens / harrasments/ Sextortion തുടങ്ങിയവ സംബന്ധിച്ച പരാതികളും പ്രസ്തുത വെബ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. വ്യാജ ഓൺലൈൻ ലോൺ തട്ടിപ്പുകൾ സംബന്ധിച്ച പരാതികൾ **9497980900** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് മുഖേനയും പൊതുജനങ്ങൾക്ക് അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭ്യമാകുന്ന പരാതികൾ National Cybercrime Reporting Portal – ൽ രജിസ്റ്റർ ചെയ്തു ശേഷം പരാതിക്കാരന്റെ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിലേക്ക് തുടരന്വേഷണത്തിനായി കൈമാറുന്നു.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളിലൂടെ നഷ്ടമാകുന്ന പണം കടത്തി കൊണ്ടുപോകുവാൻ തട്ടിപ്പുകാർ ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തി പണം Freeze/Lien ചെയ്ത് പണം നഷ്ടമായവർക്ക് അത് തിരികെ ലഭിക്കാൻ പുതിയതായി ആരംഭിച്ച Money Restoration Module എന്ന പോർട്ടൽ വഴി നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പോർട്ടൽ ആരംഭിച്ച നാൾ മുതൽ ഇന്നേ വരെ 6.17 കോടി രൂപ (ആറ് കോടി പതിനേഴ് ലക്ഷം രൂപ) വിവിധ തരം ഓൺലൈൻ തട്ടിപ്പുകളിൽ ഇരയായവർക്ക് തിരികെ നൽകാൻ സാധിച്ചിട്ടുണ്ട്.

സൈബർ തട്ടിപ്പുകാരെ അറസ്റ്റ് ചെയ്യുന്നതിനും മ്യൂൾ അക്കൗണ്ടുകൾ ഉൾപ്പെടെയുള്ളവയുടെ വ്യാപനം തടയുന്നതിലേക്കും, തട്ടിപ്പിലൂടെ നഷ്ടപ്പെട്ട പണം തിരിച്ചു പിടിക്കുന്നതിലേക്കായി Cheque, ATM വഴി തട്ടിപ്പിലൂടെ നേടിയെടുത്ത പണം പിൻവലിക്കുന്നവരെ കണ്ടുപിടിച്ച് അറസ്റ്റ് ചെയ്യുന്നതിലേക്കുമായി "CY-HUNT Operation" എന്ന പേരിൽ സംസ്ഥാന വ്യാപകമായി Special drive - കൾ നടത്തിവരുന്നു.

**(സി)** ഇത്തരം തട്ടിപ്പുകളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ; തട്ടിപ്പിന് ഇരയായവർക്ക് തുക തിരികെ ലഭിക്കാനും മറ്റ് നിയമസഹായം ലഭ്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** ഓൺലൈൻ തട്ടിപ്പുകളിൽ നിന്നും പൊതുജനങ്ങളെ രക്ഷിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന I4C (Indian Cyber Crime Coordination Centre) സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി I4C യുടെ കീഴിൽ Online Crimes Against Women and Children (OCWC) എന്നൊരു വിഭാഗം പ്രവർത്തിക്കുന്നു.

സൈബർ സുരക്ഷ, ബോധവൽക്കരണം, സംശയാസ്പദമായ വിവരങ്ങളുടെ പരിശോധന എന്നിവ ലക്ഷ്യമിട്ട് കേരള പോലീസ് സൈബർ ഡിവിഷൻ ആരംഭിച്ച **'സൈബർവാൾ' (Cyberwall)** ഡിജിറ്റൽ സുരക്ഷാ പദ്ധതി 2026 ഓഗസ്റ്റ് 18-ന് ഉദ്ഘാടനം ചെയ്തു. എ.ഐ. സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ പ്ലാറ്റ്ഫോമിലൂടെ സംശയാസ്പദമായ വെബ്സൈറ്റുകൾ, URL-കൾ, ഇ-മെയിലുകൾ, SMS, SMS ഹെഡറുകൾ, ഫോൺ നമ്പറുകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, IP വിലാസങ്ങൾ എന്നിവ പരിശോധിച്ച് അപകട സാധ്യതകൾ തിരിച്ചറിയാനും ആവശ്യമായ മുൻകരുതലുകൾ മനസ്സിലാക്കാനും പൊതുജനങ്ങൾക്ക് സാധിക്കും. ഡിജിറ്റൽ അറസ്റ്റ്, വ്യാജ ലോൺ ആപ്പുകൾ, നിക്ഷേപ തട്ടിപ്പുകൾ, ഫിഷിംഗ്, സ്മിഷിംഗ്, വ്യാജ കസ്റ്റമർ കെയർ നമ്പറുകൾ, ആൾമാറാട്ടം, ഓൺലൈൻ പേയ്മെന്റ്, തൊഴിൽ, ലോട്ടറി, പ്രണയത്തട്ടിപ്പുകൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണവും സുരക്ഷാ നിർദേശങ്ങളും സൈബർ വാൾ നൽകുന്നു. **POL-App, WhatsApp Chatbot, Telegram Chatbot, Web Portal** എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ഈ സേവനങ്ങൾ പ്രയോജനപ്പെടുത്താം.

സാധാരണക്കാർക്ക് പണം നഷ്ടമാവാൻ സാധ്യതയുള്ള വ്യാജ ലോൺ വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും കണ്ടെത്തി ബ്ലോക്ക് ചെയ്യുക, സൈബർ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുന്ന വ്യാജ വെബ്സൈറ്റുകളും സാമൂഹ്യ മാധ്യമങ്ങളിലെ തട്ടിപ്പ് പരസ്യങ്ങളും പ്രൊഫൈലുകളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ദൃശ്യ-ശ്രാവ്യ മാധ്യമ ങ്ങളിലൂടെയും നവമാധ്യമങ്ങളിലൂ ടെയും ബോധവൽക്കരണം നടത്തുക എന്നിവയും സൈബർ തട്ടിപ്പുകൾ തടയുന്നതിനായി നടപ്പാക്കി വരുന്നു. കൂടാതെ, സ്കൂളുകൾ, കോളേജുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസുകളും സംഘടി പ്പിക്കുന്നു.

കേരള പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന National Cybercrime Reporting Portal ന്റെ Toll free number "1930" കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങളെ കുറിച്ചുള്ള പരാതികൾ പൊതുജനങ്ങൾക്ക് ഈ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ "www.cybercrime.gov.in എന്ന വെബ് പോർട്ടലിലും പൊതു ജനങ്ങൾക്ക് നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും, പ്രായമായവർക്കും എതിരെ നടക്കുന്ന വിവിധ തരം ഓൺലൈൻ threatens / harrasments/ Sextortion തുടങ്ങിയവ സംബന്ധിച്ച പരാതികളും പ്രസ്തുത വെബ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. വ്യാജ ഓൺലൈൻ ലോൺ തട്ടിപ്പുകൾ സംബന്ധിച്ച പരാതികൾ **9497980900** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് മുഖേനയും പൊതുജനങ്ങൾക്ക് അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭ്യമാകുന്ന പരാതികൾ National Cybercrime Reporting Portal – ൽ രജിസ്റ്റർ ചെയ്തു ശേഷം പരാതിക്കാരന്റെ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിലേക്ക് തുടരന്വേഷണത്തിനായി കൈമാറുന്നു.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളിലൂടെ നഷ്ടമാകുന്ന പണം കടത്തി കൊണ്ടുപോകുവാൻ തട്ടിപ്പുകാർ ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തി പണം Freeze/Lien ചെയ്ത് പണം നഷ്ടമായവർക്ക് അത് തിരികെ ലഭിക്കാൻ പുതിയതായി ആരംഭിച്ച Money Restoration Module എന്ന പോർട്ടൽ വഴി നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പോർട്ടൽ ആരംഭിച്ച നാൾ മുതൽ ഇന്നേ വരെ 6.17 കോടി രൂപ (ആറ് കോടി പതിനേഴ് ലക്ഷം രൂപ) വിവിധ തരം ഓൺലൈൻ തട്ടിപ്പുകളിൽ ഇരയായവർക്ക് തിരികെ നൽകാൻ സാധിച്ചിട്ടുണ്ട്.

സൈബർ തട്ടിപ്പുകാരെ അറസ്റ്റ് ചെയ്യുന്നതിനും മ്യൂൾ അക്കൗണ്ടുകൾ ഉൾപ്പെടെയുള്ളവയുടെ വ്യാപനം തടയുന്നതിലേക്കും, തട്ടിപ്പിലൂടെ നഷ്ടപ്പെട്ട പണം തിരിച്ചു പിടിക്കുന്നതിലേക്കായി Cheque, ATM വഴി തട്ടിപ്പിലൂടെ നേടിയെടുത്ത പണം പിൻവലിക്കുന്നവരെ കണ്ടുപിടിച്ച് അറസ്റ്റ് ചെയ്യുന്നതിലേക്കുമായി "CY-HUNT Operation" എന്ന പേരിൽ സംസ്ഥാന വ്യാപകമായി Special drive -കൾ നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**